## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3745 20/10/2016 ൽ മറുപടിക്ക്

## ഭൂമിയുടെ പോക്കുവരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) യഥാസമയം പോക്കുവരവ് ചെയ്യാൻ കഴിയാതിരുന്ന ഭൂമിയുടെ പോക്കുവരവ് നടത്തിക്കിട്ടാനുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിന്മേൽ വസ്തു ഉടമസ്ഥന്റെ പേരിലേയ്ക്ക് വില്ലേജ് റിക്കാർഡിൽ ഭൂമി മാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ സബ് ഡിവിഷനോ, തർക്കങ്ങളോ ഇല്ലാത്ത കേസുകൾ, അസ്സൽ ആധാരം/കൈവശരേഖ, ബാദ്ധ്യത സർട്ടിഫിക്കറ്റ്, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ പോക്കുവരവ് നടത്തി തണ്ടപ്പേര് കണക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്. സബ് ഡിവിഷൻ ഉള്ള കേസുകളിലും, മറ്റ് തർക്കങ്ങൾ നിലനിൽക്കുന്ന കേസുകളിലും, ആവശ്യമായ പരിശോധന നടത്തി തഹസീൽദാർ പോക്കുവരവ് അംഗീകരിക്കുകയും, ആയതിന്മേൽ വില്ലേജിൽ തുടർ നടപടി സ്വീകരിച്ച് തണ്ടപ്പേർ കണക്കിൽ ഉൾപ്പെടുത്തുന്നതുമാണ്. |
| (ബി) ഇത്തരം ഭൂമി റീസർവ്വേയിലുണ്ടായ അപാകത മൂലം മറ്റൊരാളുടെ പേരിൽ തണ്ടപ്പേർ രജിസ്റ്ററിൽ ചേർത്താൽ അതു തിരുത്തിക്കിട്ടാനുള്ള നടപടിക്രമം വിശദമാക്കുമോ; | (ബി) റീസർവ്വേയിൽ വന്ന പിശകുകൾ പരിഹരിക്കുന്നതിനായി താലൂക്കുകളിൽ എൽ.ആർ.എം. സംവിധാനം പ്രവർത്തിക്കുന്നു. ഭൂമിയുടെ യഥാർത്ഥ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകൾ താലൂക്കിലെ ലാന്റ് റെക്കോർഡ്സ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റവന്യൂ/സർവ്വേ ഉദ്യോഗസ്ഥർ പരിശോധിച്ച് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്. |
| (സി) റീസർവ്വേ അപാകതകൾ മൂലം തണ്ടപ്പേർ രജിസ്റ്ററിൽ തെറ്റായി പേരു ചേർക്കപ്പെട്ടയാൾ, വസ്തു കൈവശമുള്ള യഥാർത്ഥ ഉടമയ്ക്കെതിരെ കേസ് നൽകിയാൽ അതനുവദിക്കാറുണ്ടോ; നിലവിലുള്ള അത്തരം കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇത്തരം സന്ദർഭങ്ങളിൽ ഭൂമി സംബന്ധിച്ച് ഹാജരാക്കപ്പെടുന്ന അസ്സൽ രേഖകളും, വില്ലേജ് റിക്കോർഡുകളും, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ഉടവ് സ്കെച്ച്, കൈവശം മുതലായവ പരിശോധിച്ച് നിയമാനുസൃതം അപ്പീലിൽ മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ